# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3120 — 03/04/2013-ൽ മറുപടിയ്ക്ക്

## നാളികേര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>ഡോ.എൻ.ജയരാജ് | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാളികേര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി അകറ്റുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | എ) നാളികേരത്തിന്റെ വിലയിടുവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നു. 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിൽ ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലും, നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേര ഫെഡും, മാർക്കറ്റ് ഫെഡും മുഖേനയാണ് കൊപ്ര സംഭരണം നടത്തിയിരുന്നത്. അത് പ്രകാരം 18143.11 ടൺ കൊപ്ര കേര ഫെഡും, മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്. 2013 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില ക്വിന്റലിന് മില്ലിംഗ് കൊപ്രയ്ക്ക് 5250 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാണ്. സംഭരണം നടത്തുന്നതിനുള്ള ഏജൻസികളെ തിരെഞ്ഞടുത്തു വരുന്നതോടെ സംഭരണ നടപടികൾ ആരംഭിക്കുന്നതാണ്. ഇതിനു പുറമെ കർഷകരിൽ നിന്ന് പച്ച നാളികേരം സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി മാസം മുതൽ നടപ്പിലാക്കി വരുന്നു. നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കോക്കനട്ട് ഡെവലപ്പമെന്റ് ബോർഡ് വഴിയും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴിയും നടപ്പിലാക്കുന്നു. മൂന്നു കോക്കനട്ട് |

ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | നീരയുടെ ഉല്പാദനം , വിപണനം, കയറ്റുമതി സാധ്യതകൾ, നീരയിൽ മായം ചേർക്കുന്നതിനുള്ള സാധ്യകൾ എന്നിവയെ കുറിച്ച് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുവോ; വിശദാംശങ്ങൾ നൽകുമോ; | ബി) & സി) | ഉണ്ട്. നീരയുടെ ഉൽപ്പാദനവും, വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് എക്സൈസ് കമ്മിഷണർ, കൃഷി വകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഉന്നതല കമ്മിറ്റി യോഗം 02.02.2013 ന് കൂടുകയും കള്ള് വ്യവസായത്തെ സംരക്ഷിച്ചു കൊണ്ട് തെങ്ങിൽ നിന്നും കൂടുതൽ വിലപിടിപ്പുള്ള ഉൽപ്പന്നങ്ങൽ ഉണ്ടാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമയബന്ധിതമായ സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത ഉന്നത തല കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സമയ പരിധി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശ ദാംശങ്ങൾ നല്കുമോ ? | | |

Sd/-

സെക്ഷൻ ഓഫീസർ